# ലേല പരസ്യം

തിരുവില്വാമല ഗ്രൂപ്പ് ദേവസ്വം അസ്സി: കമ്മിഷണർ അവർകളുടെ ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ ഈ ഗ്രൂപ്പിൽപ്പെട്ട അന്തിമഹാകാളൻ കാവ് ക്ഷേത്രത്തിലെ 2020-21 വർഷത്തെ വെടിവഴിപാട് നടത്തുന്നതിനുള്ള അവകാശം (2020 ഡിസംബർ 1 മുതൽ 2021 മാർച്ച് 31 കൂടി) 4 മാസത്തേക്ക് നൽകുന്നതിനുള്ള ലേലം 20/11/2020ന് 10AM ന് അന്തിമഹാകാളൻ കാവ് ക്ഷേത്ര പരിസരത്ത് പരസ്യമായി ലേലം ചെയ്തു ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും ലേലം ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിൽ മൂന്ന് വാക്ക് വിളിച്ച് ലേലം ഉറപ്പിക്കുന്നതാണ്. ലേലം കൊണ്ടയാൾ ലേല സംഖ്യയുടെ 50% സംഖ്യ തൽക്ഷണം ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. ബാക്കി സംഖ്യ സ്ഥിരപ്പെടുത്തി ഉത്തരവ് വന്ന 16 ദിവസത്തിനുള്ളിൽ ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

എക്സ്പ്ലോസിവ് ആക്റ്റ് പ്രകാരമുള്ള ലൈസൻസ് ഉള്ളവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. ലേലം ഉറപ്പിക്കുന്നതിന് മുമ്പായി ലേലക്കാരൻ ടി ലൈസൻസിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

വെടിവഴിപാട് ലേലത്തിൽ പങ്കെടുക്കുന്ന ആൾക്ക് ടിയന്റെ പേരിൽ LE-3 ഫോറത്തിലുള്ള വെടിമരുന്ന് കൈവശം വെക്കാനുള്ള ലൈസൻസ്, LE-7 ഫോറത്തിൽ ഗൺ പൗഡർ വെടിവഴിപാട് സ്ഥലത്തേക്ക് റോഡ് മാർഗ്ഗം വാനിൽ കൊണ്ടുവരാനുള്ള ലൈസൻസ്, ക്ഷേത്രത്തിലെ വെടിവഴിപാടിന് ആവശ്യമുള്ള വെടിമരുന്ന് നൽകുന്നതിന് ആവിശ്യമായ ലൈസൻസും, LE-1 ലൈസൻസ് (Manufacturing and Explosive) എന്നിവ ഉണ്ടാകേണ്ടതാണ്. വെടിവഴിപാട് ലേലം കൊള്ളുന്നയാൾക്ക് 2020 ഡിസംബർ 1 മുതൽ 2021 മാർച്ച് 31 കൂടിയുള്ള കാലയളവിൽ വെടിവഴിപാട് നടത്തുന്നതിനുള്ള അവകാശം ഉള്ളൂ.

ക്ഷേത്രത്തിൽ വേല കൂറയിടുന്നത് മുതൽ വേല അവസാനിക്കുന്നതുവരെ വെടിവഴിപാട് നടത്തുവാൻ ദേശക്കാർക്ക് മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. വെടിവഴിപാട് നടത്തുന്നതിന് ലേലം എടുത്തയാൾ വെടി **1-ന് 15/-ക** പ്രകാരം വഴിപാട്കാരിൽ നിന്നും വസൂൽ ചെയ്ത് വഴിപാട് നടത്തേണ്ടതാണ്.

ലേലക്കാരന്റെ അശ്രദ്ധ മൂലമോ മറ്റോ വെടി സംബന്ധമായി അപകടങ്ങൾ ഉണ്ടായാൽ ആയതിൽ ദേവസ്വത്തിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. അപ്രകാരം വസ്തുവഹകൾക്കോ കേടുപാടുകൾ സംഭവിച്ചാൽ മുഴുവൻ നഷ്ടപരിഹാരവും ലേലക്കാരനിൽ നിന്ന് വസൂൽ ചെയ്യുന്നതാണ്. ആയതിൽ ലേലക്കാരൻ പരിപൂർണ്ണ ഉത്തരവാദിയും, നിയമനടപടികൾക്ക് വിധേയനുമാണ്. കൂടാതെ വെടിവഴിപാട് നടത്തുമ്പോൾ വെടിവഴിപാട് നടത്തുന്ന ജീവനക്കാർക്കോ, ദേവസ്വം ജീവനക്കാർക്കോ, ക്ഷേത്രത്തിൽ വരുന്ന ഭക്തജനങ്ങൾക്കോ എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ലേലക്കാരന്റെതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ നിരതദ്രവ്യമായി 5000-/കയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അസിസ്റ്റൻറ് കമ്മിഷണർ,തിരുവില്വാമല ഗ്രൂപ്പ്,കൊച്ചിൻ ദേവസ്വം ബോർഡ് എന്ന പേരിൽ സമർപ്പിക്കേണ്ടതാണ്.

ടി ലേലം ദേവസ്വത്തിന് ഗുണകരമല്ലെന്ന് തോന്നുന്ന പക്ഷം ഏതൊരു നടപടിയും സ്വീകരിക്കുന്നതിന് താഴെ പറയുന്ന ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ടി ലേലത്തിനെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയുവാൻ ഈ ഓഫീസിലോ അന്തിമഹാകാളൻകാവ് ദേവസ്വത്തിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

**ദേവസ്വം അസി:കമ്മിഷണർ,**
**കാര്യാലയം- വടക്കാഞ്ചേരി**
**ഫോൺ: 04884-235600**

അസി:കമ്മിഷണർ
തിരുവില്വാമല ഗ്രൂപ്പ്